## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3199    23.03.2015-ൽ മറുപടിയ്ക്ക്

### ഗ്രാമയാത്രാ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാലോട് രവി<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.വി.ഡി.സതീശൻ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) | |
| (എ) | ഗ്രാമയാത്രാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | സർക്കാരിന്റെ 12.01.2012-ലെ സ.ഉ (സാധാ)നമ്പർ.135/12/തസ്വഭവ ഉത്തരവു പ്രകാരം ഗ്രാമയാത്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.<br>പഞ്ചായത്ത് ഡയറക്ടറുടെ 27.03.2013 -ലെ ഇ12-19802/2011-ാം നമ്പർ ഉത്തരവു പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഓഫീസിൽ ഗ്രാമയാത്ര പരാതി പരിഹാരസെല്ലും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ, കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഗ്രാമസഭകളെ കൂടുതൽ ജനപങ്കാളിത്തമുള്ളവയാക്കുകയും ഗ്രാമസഭകളുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുക വഴി ഗ്രാമസഭകളെ ശാക്തീകരിക്കുക എന്നുള്ളതാണ് ഗ്രാമയാത്ര പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. |
| (സി) | എത്ര പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്; വിശദമാക്കുമോ; | (സി) | ഓരോ നിയമസഭാമണ്ഡലത്തിലും ഉൾപ്പെട്ട എല്ലാ പഞ്ചായത്തുകളുടേയും പങ്കാളിത്തത്തോടെ ടി മണ്ഡലത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഒരു പഞ്ചായത്തിലെ ഒരു വാർഡിലാണ് ഗ്രാമയാത്ര നടത്തുന്നത്. ഇപ്രകാരം 30 നിയമസഭാമണ്ഡലങ്ങളിലായി 224 പഞ്ചായത്തുകളിൽ ഗ്രാമയാത്രാപദ്ധതി പൂർത്തിയായിട്ടുണ്ട്. |
| (ഡി) | ശേഷിക്കുന്ന പഞ്ചായത്തുകളിൽ പദ്ധതി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിലും ഗ്രാമയാത്രകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ